# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5154

26.03.2018-ൽ മറുപടിയ്ക്ക്

## ഭരണാനുമതി നൽകുന്നതിന്റെ നടപടിക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന സെക്രട്ടേറിയറ്റുതല എ.എസ്. കമ്മിറ്റിയിൽ എത്ര അംഗങ്ങളാണ് ഉള്ളത്; അവർ ആരെല്ലാമാണ്; എത്ര തുക വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനാണ് ഈ കമ്മിറ്റിക്ക് അധികാരം ഉള്ളത്; ഇതിൽ കൂടുതൽ തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് ഏതു കമ്മിറ്റിയാണ്; ആരെല്ലാമാണ് അതിലെ അംഗങ്ങൾ; എത്ര തുക വരെയുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാൻ ഈ കമ്മിറ്റിക്ക് അധികാരമുള്ളത്;<br><br>(ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് നിലവിലുള്ള മാനദണ്ഡ പ്രകാരം ധനകാര്യ വകുപ്പിന്റെ കൺകറൻസ് ഇല്ലാതെ എത്ര രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന എ.എസ്. കമ്മിറ്റിയിൽ താഴെ പറയുന്ന ഏഴ് അംഗങ്ങളാണ് ഉള്ളത്.<br>1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് (ചെയർമാൻ)<br>2. ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം.<br>3. ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം.<br>4. ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം<br>5. ധനകാര്യ വകുപ്പിന്റെ പ്രതിനിധി<br>6. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രതിനിധി.<br>7. സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് (കൺവീനർ)<br><br>തനതു സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുകയുടെ 150% അധികരിക്കാത്ത തുകയ്ക്ക് എ.എസ്. കമ്മറ്റി മുഖേന ഭരണാനുമതി നൽകാവുന്നതാണ്. |

(സി) അതാത് വർഷം ബജറ്റിൽ പൊതു മരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ കൺകറൻസ് ആവശ്യമുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് എ.എസ്. കമ്മിറ്റി കൂടേണ്ട ആവശ്യകത എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ പ്രൊവിഷനോ, ടോക്കൺ പ്രൊവിഷനോ ഇല്ലാത്ത പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിന് തനതു വർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകി വരുന്നുണ്ടെന്നിരിക്കെ ധനകാര്യ / ആസൂത്രണ വകുപ്പുകളുടെ സമ്മതം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ലഭ്യമാക്കി മാത്രമേ ഭരണാനുമതി നൽകാൻ കഴിയൂ എന്ന് സർക്കാർ നിലപാടെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(സി) & (ഡി) 07.08.2017 തീയതിയിലെ സ.ഉ.(അച്ചടി) നം. 102/2017/ധന പ്രകാരം നടപ്പ സാമ്പത്തിക വർഷത്തിൽ പൊതു മരാമത്തു വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ആകെ തുകയുടെ 150% അധികരിക്കാത്ത തുകയ്ക്ക് 5 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ധനകാര്യവകുപ്പിന്റെ അനുമതി കൂടാതെ ഭരണ വകുപ്പിന് ഭരണാനുമതി നൽകാവുന്നതാണ്.

(ഇ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ബജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ഭരണാനുമതി ലഭ്യമാക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഭരണാനുമതി നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16.02.2018-ൽ കൂടിയ എ.എസ് കമ്മിറ്റി ടി വിഷയം പരിഗണിച്ചുവെങ്കിലും, ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ